കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/101/2025-SEC തീയതി: 02-08-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

സർ,

വിഷയം:- സ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് - വോട്ടർപട്ടിക പുതുക്കൽ - ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1) കമ്മീഷന്റെ 19.07.2025 ലെ ബി2/101/2025-സം.തി.ക നമ്പർ ഉത്തരവ്
2) കമ്മീഷന്റെ 26.07.2025 ലെ ബി2/101/2025-സം.തി.ക Part(1) നമ്പർ കത്തുകൾ

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന (1) ലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. വോട്ടർപട്ടിക പുതുക്കൽ പ്രക്രിയയുമായി ബന്ധപ്പെട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ചുവടെ ചേർക്കുന്ന അധിക നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1) വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിലെ പേര്, വയസ്, താമസം എന്നിവ സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ചുവടെ പറയുന്നവയിൽ ഉചിതമായ രേഖ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

a. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്
b. പാസ്സ്പോർട്ട്
c. ഡ്രൈവിംഗ് ലൈസൻസ്
d. പാൻ കാർഡ്
e. ഫോട്ടോ പതിച്ച S.S.L.C ബുക്ക്
f. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും 2025 ജനുവരി 01 ന് മുമ്പ് നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക്
g. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ
h. ആധാർ കാർഡ്
i. റേഷൻ കാർഡ്
j. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
k. അംഗീകൃത സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ, അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നൽകിയിട്ടുള്ള ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡുകൾ
l. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ

(2) കരട് വോട്ടർപട്ടിക സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾക്കും, ആക്ഷേപങ്ങൾക്കും

നൽകുന്ന നേർവിചാരണയ്ക്കുള്ള നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള തീയതിയിലും സമയത്തും ഒരാളിന് ഹാജരാകാൻ കഴിയാതിരുന്നാൽ അപേക്ഷകന് സൗകര്യപ്രദമായ മറ്റൊരു ദിവസം ഹാജരാകുന്നതിന് വേണ്ട സൗകര്യം ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 02-08-2025 13:18:07

PRAKASH.B.S
SECRETARY

പകർപ്പ് :

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ
ഐ.ടി.സെൽ
കമ്മീഷണറുടെ പി.എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in